പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2364 11.10.2011-ൽ മറുപടിക്ക്

## സ്കൂൾ - ആരോഗ്യ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ശ്രീ.പി. കെ. അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സ്കൂൾ-ആരോഗ്യ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | എ) | സ്കൂൾ ആരോഗ്യ പദ്ധതി 2009 മുതൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും (പാലക്കാട്, വയനാട് ഒഴികെ) ഒരോ പഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവയിൽ വിദ്യാഭ്യാസ വകുപ്പിനാൽ തെരഞ്ഞെടുക്കപ്പെട്ട രണ്ട് സ്കൂളുകളിൽ വീതം ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. പാലക്കാട്, വയനാട് ജില്ലകളിൽ എല്ലാ സർക്കാർ വിദ്യാലയങ്ങളിലും എയ്ഡഡ് വിദ്യാലയങ്ങളിലും ഈ പദ്ധതി നടപ്പിൽ വരുത്തുന്നതാണ്. |
| ബി) | സ്കൂൾ-ആരോഗ്യ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ; | ബി) | കേരള സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത് school Health Team - ന്റെ Health Promotion, life skills education and family life education, Periodic screening എന്നിവയെ പരിപോഷിപ്പിക്കുന്നതിനുള്ള സേവനങ്ങളാണ്. |
| സി) | പ്രസ്തുത പദ്ധതിയിൽ കൗമാര പ്രായക്കാരുടെ മാനസികാരോഗ്യം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ; | സി) | കൗമാര പ്രായക്കാരുടെ മാനസികാരോഗ്യം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുമായി സഹകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| ഡി) | സ്കൂൾ-ആരോഗ്യ പദ്ധതിയിൽ പ്രവർത്തിക്കുന്ന ടീമിൽ പ്രൊഫഷണൽ സോഷ്യൽ വർക്കറെ ഉൾപ്പെടുത്തുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ? | ഡി) | തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ